ഉത്തരം

(എ) ഉണ്ടായി.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അവരുടെ അപേക്ഷാഫോറത്തിൽ കൊടുത്തിരുന്ന മേൽവിലാസമാണ് ഉത്തരവിലും കൊടുത്തിരുന്നത്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) പ്രസ്തുത പദ്ധതിയുടെ ചട്ടങ്ങളനുസരിച്ച് കലാകാരന്റെയോ, സാഹിത്യകാരന്റെയോ ആശ്രിതർക്ക് ധനസഹായം നൽകാൻ വ്യവസ്ഥയില്ല. എന്നാൽ ചങ്ങമ്പുഴയുടെ അമ്മക്കും വള്ളത്തോളിന്റെ ഭാര്യക്കും പ്രത്യേക പരിഗണന നൽകിയാണ് പെൻഷൻ അനുവദിച്ചത്.

(ഇ) അർഹതയുള്ള ആശ്രിതർ ആവശ്യപ്പെടുകയാണെങ്കിൽ 1.8.78 മുതൽ മരണ ദിവസം വരെ അനുവദിക്കപ്പെട്ടിട്ടുള്ള തുക നൽകുവാൻ നടപടി സ്വീകരിക്കുന്നതാണ്.

ലാ കോളേജുകളിലെ ലക്ചറൻമാരുടെ തസ്തിക

698 [1020] ശ്രീ. പി. കെ. ചാത്തൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലാ കോളേജുകളിൽ ആകെ എത്ര ലക്ചറൻമാരുടെ തസ്തികകളാണ് ഉള്ളതെന്ന് പറയാമോ;

(ബി) ഈ തസ്തികകളിൽ ഹരിജനങ്ങൾ എത്ര പേർ ഇപ്പോൾ ഉണ്ട്;

(സി) ഇവിടെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ടോ;

(ഡി) 1979 ഏപ്രിൽ 1-ന് സംസ്ഥാനത്തെ ലാ കോളേജുകളിലാകെ എത്ര തസ്തികകൾ സ്ഥിരമായി ഒഴിവാകുമെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഫുൾ ടൈം ലക്ചറർ 21

പാർട്ട്ടൈം ലക്ചറർ 8

(ബി) ഒന്ന്.

(സി) ഉണ്ട്.

(ഡി) പ്രിൻസിപ്പാളിന്റെ ഒരു തസ്തികയും പാർട്ട് ടൈം ലക്ചറൻമാരുടെ രണ്ടു തസ്തികകളും ഒഴിവാകും.

വിദ്യാഭ്യാസ വകുപ്പിലെ ഡി. ഇ. ഒ., എ. ഇ. ഒ. മാർ

699 [1021] ശ്രീ. പി. എം. അബൂബേക്കർ:

ശ്രീ. കെ. പി. രാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ എത്ര ഡി. ഇ. ഒ. മാരും എ. ഇ. ഒ. മാരും ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവരുടെ ജാതി തിരിച്ചുള്ള പട്ടിക വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഡി. ഇ. ഒ. - 28
ഡി. ഇ. ഒ. ട്രെയിനി (സ്പെഷ്യൽ റിക്രൂട്ട്മെൻറ്) - 1
എ. ഇ. ഒ. - 148
അഡീഷണൽ എ. ഇ. ഒ. - 20

(ബി) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

പാരലൽ കോളേജുകൾ

700 [1023] ശ്രീ. വി. കെ. രാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പാരലൽ കോളേജുകൾ പ്രവർത്തിച്ചു വരുന്നുണ്ട്;

(ബി) പ്രസ്തുത കോളേജുകളിൽ എത്ര പേർ പഠിക്കുന്നുണ്ട്;

(സി) പാരലൽ കോളേജുക്കളുടെ നടത്തിപ്പിൽ ഗവൺമെൻറ് വല്ല നിയന്ത്രണവും ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം?

ഉത്തരം

(എ,ബി) ഇതിനെപ്പറ്റി ഗവൺമെൻറിന്റെ പക്കൽ വിവരങ്ങളൊന്നുമില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ഗവൺമെൻറ് സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം, സ്ഥലം എടുക്കൽ, ലാബറട്ടറി തുടങ്ങിയ ആവശ്യങ്ങൾക്കു വേണ്ടിയുള്ള ചെലവ്

701 [1024] ശ്രീ. കല്ലട നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം, സ്ഥലം എടുക്കൽ, ലാബറട്ടറി തുടങ്ങിയ ആവശ്യങ്ങൾക്കു വേണ്ടി ആകെ എത്ര കോടി രൂപാ വേണ്ടി വരും;

(ബി) സംസ്ഥാനത്തെ അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നം എന്ന നിലയിൽ ഇവ പരിഹരിക്കുവാൻ എന്തെങ്കിലും സംഘീ ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് എന്തെന്നു വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly